# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1593 | 14.06.2013-ൽ മറുപടി പറയേണ്ടിയിരുന്നത് |
|---|---|

### ലൈംഗികാതിക്രമങ്ങൾ തടയുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികളുടെ പരിപാലനം, പുനരധിവാസം എന്നിവയ്ക്കായി ഏതെല്ലാം സ്ഥാപനങ്ങളാണ് നിലവിലുള്ളത്; | (എ) | ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണം, പുനരധിവാസം എന്നിവ സാധ്യമാക്കുന്നതിലേയ്ക്കായി ചിൽഡ്രൻസ് ഹോമുകളും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനായി ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം എന്നിവയും ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പരിപാലനത്തിനായി സ്പെഷ്യൽ നീഡ് ചിൽഡ്രൻസ് ഹോമുകളും എന്നിങ്ങനെ നാല് വിഭാഗങ്ങളിലായുള്ള സ്ഥാപനങ്ങൾ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ കുട്ടികൾക്കെതിരെ ലൈംഗികാതിക്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിലുള്ള ചില സ്ഥാപനങ്ങളിൽ കുട്ടികൾക്കെതിരെ ലൈംഗികാതിക്രമങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. |
| (സി) | ലൈംഗികാതിക്രമങ്ങൾ തടയുവാൻ പ്രത്യേക നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വ്യക്തമാക്കാമോ; | (സി) | കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി നിലവിൽ വന്ന ദി പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട് 2012 പ്രകാരം സാമൂഹ്യനീതി വകുപ്പ് ആഭ്യന്തര വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായും ഇപ്രകാരമുള്ള അതിക്രമങ്ങൾക്ക് ഇരയായവരെ പുനരധിവസിപ്പിക്കുന്നതിനായും "നിർഭയ" എന്ന [illegible] ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ജുവനൈൽ ജസ്റ്റിസ് ഹോമുകളിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ബാലപീഡനം നടക്കുന്നതെന്ന് ഏതെങ്കിലും സംഘടന യു.എൻ.ഒ.യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഇ) | ബാധകമല്ല |

Jayasree

സെക്ഷൻ ഓഫീസർ